പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. *4523* — 17.12.2014 ന് മറുപടിയ്ക്ക്.

## *കൊയിലാണ്ടി ഐ. ടി. ഐ -യുടെ നിലവാരം ഉയർത്താൻ നടപടി*

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ.കെ. ദാസൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) കൊയിലാണ്ടി ഗവൺമെന്റ് ഐ.ടി.ഐ-യുടെ നിലവാരം ഉയർത്തുന്നതിലേക്ക് പ്രോജക്റ്റ് പ്രപ്പോസൽ തയ്യാറാക്കി 2014-2015 ബജറ്റിലേക്ക് ശിപാർശ ചെയ്യുമെന്ന് സർക്കാർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പദ്ധതി രൂപരേഖ തയ്യാറായിട്ടുണ്ടോ? ഇല്ലെങ്കിൽ അത് എപ്പോൾ തയ്യാറാക്കുമെന്നും എന്ന് സമർപ്പിക്കുമെന്നും വിശദമാക്കാമോ; | (എ) കൊയിലാണ്ടി ഗവൺമെന്റ് ഐ.ടി.ഐ-യുടെ നിലവാരം ഉയർത്തുന്നതിലേക്ക് ശിപാർശ 2014-15 ബജറ്റിലേയ്ക്ക് സമർപ്പിച്ചിരുന്നുവെങ്കിലും 2014-15 ലെ ബജറ്റിൽ ഇതിനായി തുക വകയിരുത്തിയിരുന്നില്ല. ആയതിനാൽ ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ല. |
| (ബി) കൊയിലാണ്ടി ഗവ. ഐ.ടി.ഐ യിൽ വർക്ക് ഷോപ്പ് കെട്ടിടം നിർമ്മിക്കുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ? ഇതിന്റെ നിർമ്മാണം എന്ന് തുടങ്ങാൻ കഴിയുമെന്നും വിശദമാക്കാമോ? | (ബി) കൊയിലാണ്ടി ഐ.ടി.ഐയിൽ 30 ലക്ഷം രൂപ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് വർക്ക് ഷോപ്പ് കെട്ടിടം നിർമ്മിക്കാൻ സർക്കാർ ഉത്തരവ് (സാധാ) നം.1151/14/തൊഴിൽ തീയതി 22.8.2014 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ടി അനുമതി പി.ഡബ്ല്യു.ഡി അധികൃതർക്ക് കൈമാറിയെങ്കിലും ഇതുവരെ ടെൻഡർ നടപടി ആരംഭിച്ചിട്ടില്ല. ഉടൻതന്നെ പി.ഡബ്ല്യു.ഡി അധികൃതരുമായി ബന്ധപ്പെട്ട് വർക്ക്ഷോപ്പ് കെട്ടിടം പണി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ ട്രെയിനിംഗ് ഡയറക്ടർ, ഐ.ടി.ഐ പ്രിൻസിപ്പാളിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ